www.khur-aansunnathsociety.com

IRPC

# നമസ്ക്കാരം

## എങ്ങിനെ; എപ്പോൾ; എത്ര ?

നിലവിലുള്ള നമസ്ക്കാര രൂപത്തിൽ 30ലേറെ ജൂതായിസങ്ങളുണ്ട്. ശരിയായ നമസ്ക്കാര രൂപം ഖുർആൻ കൊണ്ടല്ലാതെ തെളിയുകയില്ല.

(നിലവിലുള്ള സുന്നികളുടെ അഞ്ചുനേര നമസ്ക്കാരം നബിയുടേതാണെന്നു തെറ്റിദ്ധരിച്ചു)

നമസ്കരിച്ച് നമസ്കരിച്ച് കഷ്ടപ്പെട്ടവർക്കും കഷ്ടപ്പാടോർത്ത് നമസ്ക്കരിക്കാത്തവർക്കും ഒരു പോലെ ഗുണം ചെയ്യുന്ന ഇസ്ലാമിക ചരിത്രത്തിലെ ആദ്യ ഗ്രന്ഥം.

*മൗലവി ചേകനൂർ*


# നമസ്ക്കാരം

## എങ്ങിനെ; എപ്പോൾ; എത്ര ?


- നിലവിലുള്ള നമസ്ക്കാരത്തിൽ 30 ജൂതായിസം
- ‘ളുഹ്റു’ം ‘മഗ്രിബും’ ഖുർആൻ വിരുദ്ധം
- സുബ്ഹി സൂര്യോദയത്തിനുശേഷം മതി എന്ന് വിശുദ്ധ ഖുർആൻ.
- ഖുർആനിലെ നമസ്ക്കാര രൂപം
- ഇതെല്ലാം കണിശമായി തെളിയിക്കുന്ന ലോക ചരിത്രത്തിലെ ആദ്യത്തെ ഗ്രന്ഥം.

മൗലവി ചേകനൂർ

# നമസ്ക്കാരം അഞ്ചാക്കാൻ വേണ്ടി മതപുരോഹിതൻമാർ ദുർവ്യാഖ്യാനം ചെയ്യാറുള്ള 3 ആയത്തുകൾ

ഖുർആൻകൊണ്ട് ഒരിക്കലും അഞ്ച്നേര നമസ്ക്കാരം സ്ഥാപിക്കാൻ സാധ്യമല്ലെന്ന് ഉറപ്പാക്കിയ മതപുരോഹിതൻമാർ അവരുടെ അബൂഹുറൈറാ മതം നിലനിർത്താൻവേണ്ടി ഖുർആനിലെ മൂന്ന് ആയത്തുകൾ ദുർവ്യാഖ്യാനം ചെയ്യൽ സ്ഥിരം പതിവാക്കിയിരിക്കുന്നു. അതിനാൽ ആ ദുർവ്യാഖ്യാനത്തിന്റെ പൊള്ളത്തരവുംകൂടിഇവിടെ തുറന്ന് കാണിക്കൽ നിർബ്ബന്ധമാണല്ലോ.

അഖിമിസ്സലാത്ത - തറഫയിന്നഹാരി - വ - സുലഫൻ മിനല്ലൈൽ - എന്ന ആയത്താണ് അവയിലൊന്നാമത്തേത്. പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെആദ്യഭാഗങ്ങളിലും നമസ്ക്കാരംനിലനിറുത്തുക എന്നാണ് അതിന്റെ അർത്ഥമെന്നതിൽ ആർക്കും തർക്കമില്ല. പ്രസ്തുത ആയത്തുകൊണ്ട് പുരോഹിതൻമാർ അഞ്ചുനേരമുണ്ടാക്കുന്ന ''വിദ്യ ''യാണ് രസകരമായിട്ടുള്ളത്. അവർ പറയുന്നത് ശ്രദ്ധിക്കുക. ''പകലിന്റെ രണ്ടറ്റ ''മെന്നത്കൊണ്ട് രണ്ട് നമസ്ക്കാരസമയം കിട്ടി. പിന്നീട് .- വ സുലഫൻ- മിനല്ലൈൽ - (രാത്രിയുടെ ആദ്യഭാഗങ്ങൾ) എന്ന ബഹുവചന പ്രയോഗത്തോടെയാണ് ഖുർആൻ പറഞ്ഞിരിക്കുന്നത്. അപ്പോൾ അത് കൊണ്ടുദ്ദേശം ഒരു നമസ്ക്കാരമെന്നാക്കാൻ ഏതായാലും പറ്റുകയില്ലല്ലോ. അതുപോലെ രണ്ടാക്കാനും പറ്റുകയില്ല. അതായത് 'സുൽഫൻ' എന്നത് സമ്പൂർണ്ണ ബഹുവചനമായതിനാൽ ചുരുങ്ങിയത് മൂന്നെങ്കിലും ഉദ്ദേശമാക്കണമെന്ന് താൽപര്യം. അപ്പോൾ ആ മൂന്നും പകലിന്റെ രണ്ടറ്റത്തെ രണ്ടുംകൂടി കൂടുമ്പോൾ തികച്ചും അഞ്ചുനേരം കിട്ടി. അഞ്ചുനേര നമസ്കാരം ഖുർആനിലുണ്ടെന്നതിന്റെ ഏറ്റവും വലിയൊരു തെളിവും അതുതന്നെ.

ഇതാണ് ചില മതപുരോഹിതൻമാർ ജൽപിക്കാനുള്ള ഒരു പ്രധാന ന്യായവാദം.



**മറുപടി:**

ഇവരുടെയെല്ലാം ചിന്താശക്തിക്ക് എന്ത് പറ്റിയെന്നാണ് നമുക്ക് മനസ്സിലാവാത്തത്. കാരണം: രാത്രിയുടെ ആദ്യഭാഗങ്ങളിൽ ആകെ രണ്ട് (മഗ്രിബ്, ഇശാ) നമസ്കാരങ്ങൾ മാത്രമേ ഈ പുരോഹിതൻമാർ പോലും പഠിപ്പിക്കുന്നുള്ളു. എന്നിരിക്കെ 'സുലഫൻ' എന്നൊരു ബഹുവചനം കണ്ടപ്പോഴേക്കും അതുകൊണ്ട് മൂന്നുനേരത്തെ നമസ്കാരം കിട്ടിയെന്ന് പറഞ്ഞ് തുള്ളിച്ചാടിയാൽ രാത്രിയുടെ ആദ്യഭാഗങ്ങളിൽ മൂന്ന് നമസ്കാരം ഫർസുണ്ടെന്ന് അവർ സമ്മതിക്കേണ്ടിവരില്ലേ? അപ്പോൾ ഫർസ് നമസ്കാരം അഞ്ചല്ല ആറുണ്ടെന്നാണ് വന്നുചേരുക. ഈ പെരുംകുടുക്കിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി 'സുലഫൻ' എന്ന ബഹുവചനം കൊണ്ട് രണ്ടുമാത്രം ഉദ്ദേശിക്കുകവഴി ഇവിടെ അതിനെ അപൂർണ്ണമായി കണക്കാക്കിയാൽ മതിയെന്ന് (അത്തരം കണക്കാക്കലാണ് ജൂതൻമാരുടെ തൊഴിൽ) വെച്ചിരുന്നാലും ഇവർക്ക് രക്ഷയില്ല. എന്തുകൊണ്ടെന്നാൽ അപ്പോഴും ഖുർആൻകൊണ്ട് നാലുനേരം മാത്രമുണ്ടെന്നേ വരികയുള്ളു.അഞ്ചുണ്ടെന്ന് ഒരിക്കലും വരികയില്ല. കാരണം: പകലിന്റെ രണ്ടറ്റത്ത് രണ്ട് നമസ്കാരം ഫർസാണെന്നല്ലാതെ പകലിൽ മൂന്നുണ്ടെന്ന് ഖുർആൻകൊണ്ട് തെളിയിക്കാൻ ലോകത്തൊരു പുരോഹിതനും സാദ്ധ്യമല്ല. പകലിന്റെ രണ്ടാംഭാഗത്തിൽ നിർവ്വഹിക്കേണ്ട നമസ്കാരം സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്ന് തെറ്റിയത് മുതൽക്ക് ആവാമെന്ന് 17: 78-ൽ അല്ലാഹു വ്യക്തമാക്കിയതുകൊണ്ടൊന്നും പകലിൽ മൂന്ന് നമസ്കാരമുണ്ടെന്ന് തെളിയിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇനി സാദ്ധ്യമാണെന്നാണ് വാദമെങ്കിൽ, പകലിന്റെ ആദ്യത്തെ അറ്റത്ത് മൂന്ന് നമസ്കാരമുണ്ടെന്നും അവർ സമ്മതിക്കേണ്ടിവരും. കാരണം: ''പ്രഭാതം'' ''സൂര്യോദയത്തിന്ന് മുമ്പ് '', സൂര്യോദയത്തിന്ന് ശേഷം (ഗുദുവ്വ്) എന്നീ മൂന്ന് സമയങ്ങളിൽ നമസ്കരിക്കാൻ ഖുർആനിൽ ആവർത്തിച്ചു കൽപിച്ചിട്ടുള്ളതാണ്. അപ്പോൾ രാവിലെ നമസ്കരിക്കാൻ മൂന്നുസമയം വേറെ വേറെ ചൂണ്ടിക്കാണിക്കുകയും ആ മുന്നു പ്രാവശ്യവും നമസ്കാരത്തിന്റെ കൽപന ആവർത്തിക്കുകയും ചെയ്തിട്ടും സുബ്ഹി എന്ന ഒരു നമസ്കാരം മാത്രമേ അതുകൊണ്ട് ഉദ്ദേശിക്കേണ്ടതുള്ളുവെങ്കിൽ രാത്രി നമസ്കരിക്കാൻ പറഞ്ഞേടത്തൊന്നും ഖുർആനിൽ അങ്ങിനെ ഒരിക്കലും വേർതിരിച്ച് പറയാതിരിക്കെ രാത്രിയിൽ രണ്ട് നമസ്കാരം ഫർസുണ്ടെന്ന് വാദിച്ചാൽ തനി മരത്തലയൻമാരല്ലാതെ മറ്റാരാണാവാദം അംഗീകരിക്കുക?

നമസ്കരിക്കാൻ പറഞ്ഞ ഉടനെ ഒരു ബഹുവചനം പറഞ്ഞുകണ്ടപ്പോഴേക്കും അത് നമസ്കാരത്തിന്റെ ബഹുവചനമാണോ, സമയത്തിന്റെ ബഹുവചനമാണോ എന്നൊന്നും ചിന്തിക്കാതെയാണ് ഈ ദുർന്യായങ്ങളെല്ലാം ഇക്കൂട്ടർ നടത്തുന്നതെന്ന് മാന്യവായനക്കാർ പ്രത്യേകം മനസ്സിലാക്കണം.

**അഖിമിസ്സലവാത്തി സുലഫൻ, അഖിമിസ്സലാത്തി സുലഫൻ –**

എന്നീ രണ്ടു പ്രയോഗങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തതാണ് ഈ മത പുരോഹിതന്മാർക്ക് പറ്റിയ ഏറ്റവും വലിയ അബദ്ധം. നമസ്കാരത്തിന്റെ ബഹുവചനമുള്ള ആദ്യത്തെ പ്രയോഗമായിരുന്നു ഖുർആനിലുണ്ടായിരുന്നതെങ്കിൽ രാത്രിയിൽ രണ്ട് നമസ്കാരമെങ്കിലും ഫർസുണ്ടെന്ന് സമ്മതിക്കൽ സകല മുസ്ലിംകൾക്കും നിർബ്ബന്ധമായിരുന്നു. പക്ഷെ നമസ്കാരത്തിന്റെ ഏക വചനപ്രയോഗം മാത്രമേ മേൽപറഞ്ഞ ആയത്തിലുള്ളൂ. അതിനാൽ ഒരു നമസ്ക്കാരം ഫർസാണെന്നല്ലാതെ, ഖുർആൻ വ്യാഖ്യാന സിദ്ധാന്തമനുസരിച്ച് മേൽ ആയത്തുകൊണ്ട് രണ്ടുണ്ടെന്ന് വാദിക്കാൻ ഒറ്റ പണ്ഡിതനും പാടുള്ളതല്ല. അറബീവ്യാകരണ നിയമപ്രകാരം തികച്ചും തെറ്റാണത്. അതുകൊണ്ടാണ് ഖുർആൻ വ്യാഖ്യാതാക്കളിലെപ്രഗൽഭ നിയമപണ്ഡിതൻമാരാരും തന്നെ മേൽവിവരിച്ച അർത്ഥശൂന്യമായ ദുർവ്യാഖ്യാനത്തിന്ന് ഒരുമ്പെടാതിരിക്കാൻ കാരണമായത്.

# മതപുരോഹിതൻമാർ നുണ പറയാറുള്ള രണ്ടാമത്തെ ആയത്ത്

മൂന്ന് അഞ്ചാക്കാൻ ചില മതപുരോഹിതൻമാർ കടിച്ചുതൂങ്ങാറുള്ള രണ്ടാമത്തെ ആയത്താണ് താഴെ വിവരിക്കുന്നത്. അത് ശ്രദ്ധിക്കുക.
ഫ - സുബ്ഹാനല്ലാഹി - ഹീന - തുംസൂന - വഹീന - തുസ്ബിഹൂൻ - വ - ലഹുൽഹംദു - ഫിസ്സമാവാത്തിവൽ അർളി - വ - അശിയ്യൻ - വ - ഹീന തുള്ഹിറൂൻ 30:17,18) മേൽഉദ്ധരിച്ച രണ്ടായത്തിലെ രണ്ടാമത്തേതാണത്. അർത്ഥം : അപ്പോൾ ''രാവിലെയും വൈകുന്നേരവുമൊക്കെ നിങ്ങൾകാണിക്കുന്ന ധിക്കാരത്തിൽനിന്നും (പരദൈവങ്ങളെ ആരാധിക്കൽ പോലുള്ളവയിൽനിന്ന്) അല്ലാഹു പരിശുദ്ധനാണെന്ന്



ഞാൻ പ്രഖ്യാപിക്കുന്നു. ഉപരിഗോളങ്ങളിലും ഭൂമിയിലും (എന്തൊക്കെ അനുഗ്രഹങ്ങളുണ്ടോ അതിന്റെയെല്ലാം) സ്തുതി അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാണ്. (പരദൈവങ്ങൾക്കതിൽ യാതൊരു പങ്കുമില്ല) അതേപോലെ ഉച്ചക്കും വൈകുന്നേരവും (ഭക്ഷണശേഷം) വിശ്രമിക്കുകുയും ആനന്ദിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന സ്വാഭാവിക നന്ദിയുടെയും സ്തുതിയുടേയുമെല്ലാം സാക്ഷാൽ അവകാശവും അല്ലാഹുവിന്ന് തന്നെയാണ്.'' (ഖുർആൻ : 30:17, 18)

ശ്രദ്ധിക്കുക. മേലുദ്ധരിച്ച ഖുർആൻ സൂക്തങ്ങളിൽ അല്ലാഹുവിന്റെയും അവന്റെ സൃഷ്ടികളുടെയും സാക്ഷാൽ നിലപാട് വ്യക്തമാക്കുകമാത്രമാണ് ചെയ്തിരിക്കുന്നത്. അതായത്: മനുഷ്യൻ നിത്യേന കഴിക്കുന്ന ആഹാരത്തിന്റെയും തുടർന്നുള്ളസുഖാനുഭൂതികളുടെയും പേരിൽ - എന്നല്ല സകല ഗോളങ്ങളിലേയും അനുഗ്രഹങ്ങളുടെ പേരിൽ - നന്ദിയും കൃതജ്ഞതയും ഉണ്ടാവേണ്ടത് അല്ലാഹുവിനോട് മാത്രമാണെന്നും അല്ലാതെ ഏതെങ്കിലും കുട്ടിദൈവങ്ങളല്ല അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളതെന്നും മനുഷ്യസമുദായത്തെ ഉണർത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, മേൽസത്യം കണക്കിലെടുക്കാതെ മറ്റുദൈവങ്ങളെയാണ് അവർ രാവിലെയും വൈകുന്നേരവും ആരാധിക്കുന്നതെങ്കിൽ അവരുടെ ആ ധിക്കാരത്തിൽ നിന്നും വ്യാജ സങ്കൽപങ്ങളിൽനിന്നും അല്ലാഹു പരിശുദ്ധനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇതാണ് മേൽ സൂക്തത്തിന്റെ ഉള്ളടക്കം. ഇതല്ലാതെ അഞ്ചുനേരത്തെ നമസ്കാരമോ ഒരുനേരത്തെ നമസ്ക്കാരമെങ്കിലുമോ മേൽ സൂക്തത്തിൽ സൂചിപ്പിച്ചിട്ടുപോലുമില്ല 'സുബ്ഹാന' എന്ന പദം നമസ്ക്കാരത്തെ ഉദ്ദേശിച്ച് പറഞ്ഞതാണെന്ന വാദം പച്ചക്കള്ളം മാത്രമാണ്. കാരണം; ഖുർആനിൽ 'സുബ്ഹാന' എന്ന പദം ആകെ 41 സ്ഥലത്തും പ്രയോഗിച്ചിട്ടുണ്ട്. അവയിൽ 40 സ്ഥലത്തും നമസ്ക്കാരമല്ല ഉദ്ദേശമെന്ന് ഈ പുരോഹിതവർഗ്ഗം മുഴുവൻ സമ്മതിച്ചിരിക്കുന്നു. അതായത് 'സുബ്ഹാന' എന്ന പദം കീർത്തനത്തിനുള്ളത് മാത്രമാണെന്നും അതൊരു വിധിവാക്യത്തെ പ്രതിനിധകരിക്കുന്ന പ്രയോഗമല്ലെന്നും ഖുർആനും അറബിസാഹിത്യവും ശരിക്കു പഠിച്ചവർക്കെല്ലാം അറിയാവുന്ന യഥാർത്ഥ്യമാണ്. എന്നിരിക്കെ, ഖുർആനിലോ ഹദീസിലോ അറബിസാഹിത്യത്തിലോ ഒരിക്കലും ഉദ്ദേശിക്കാറില്ലാത്ത 'നിങ്ങൾ നമസ്ക്കരിക്കുക' എന്നർത്ഥം ഇവിടെക്കു മാത്രമായി ഈ പുരോഹിതൻമാർ കെട്ടിച്ചമച്ചാൽ ഖുർആനിൽ നുണ പറയുന്നവരെന്നു പറഞ്ഞ് അവരെ തള്ളികളയുകയല്ലാതെ അവരെ അംഗീകരിക്കാൻ മുസ്ലിംകൾക്കൊരി

ക്കലും സാദ്ധ്യമല്ല. ഇനി ഇവിടെ പറഞ്ഞ 'സുബ്ഹാന' കൊണ്ട് നമസ്കാരമാണ് ഉദ്ദേശമെന്ന് സങ്കൽപിച്ചാൽതന്നെയും രാവിലെയും വൈകുന്നേരവും രണ്ട് നമസ്കാരമുണ്ടെന്നല്ലാതെ മൂന്ന് നമസ്കാരമുണ്ടെന്നുപോലും പ്രസ്തുത ആയത്തുകൊണ്ട് വരികയില്ല. അത് വരുത്താൻവേണ്ടി തുടർന്നുള്ള ആയത്തിൽ ഒരു ശുദ്ധനുണയും കൂടി പറയുകയാണ് അവർ ചെയ്യാറുള്ളത്. അതെങ്ങിനെയെന്നല്ലെ?

ഉച്ചസമയത്തും രാത്രി സമയത്തും നടക്കുന്ന 'ഹംദ്' മുഴുവൻ യഥാർത്ഥത്തിൽ അല്ലാഹുവിന്നവകാശപ്പെട്ടതാണെന്ന് ഖുർആൻ പറഞ്ഞപ്പോൾ ആ 'ഹംദ്' കൊണ്ടുള്ള ഉദ്ദേശവും നമസ്കാരമെന്നാക്കണമെന്നാണ് അവർ പറയുന്നത്. എന്നിട്ടോ വല്ല ഫലവുമുണ്ടോ? അതൊട്ടില്ലതാനും. കാരണം അപ്പോഴും 4 നേരം മാത്രമേ കിട്ടുകയുള്ളൂ. 5 നേരം ഒരിക്കലും കിട്ടുകയില്ല. എന്നാൽ കേവലം 'ഹംദ്' എന്ന പദംകൊണ്ട് നമസ്കാരമെന്നർത്ഥമാക്കാൻ പാടുള്ളതാണോ? അതുമില്ല. കാരണം 'ഹംദ്' എന്ന പദം ഖുർആനിൽ ആകെ 43 സ്ഥലത്ത് പ്രയോഗിച്ചിട്ടുണ്ട്. അവയിൽ 42 സ്ഥലത്തും 'ഹംദ്' ന്ന് നമസ്കാരമെന്നല്ല അർത്ഥമെന്ന് മതപുരോഹിതൻമാർ തന്നെ സമ്മതിച്ചിരിക്കുന്നു. എന്നിരിക്കെ അവരുടെ അഞ്ചുനേരമെന്ന ജൂതമതം സ്ഥാപിക്കാൻ വേണ്ടി മാത്രം ഖുർആനിൽ മനഃപൂർവ്വം ഒരു ശുദ്ധനുണ- അല്ല രണ്ട് ശുദ്ധ നുണ- പറയണമെന്ന് ഈ പുരോഹിതൻമാർ ശാഠ്യം പിടിച്ചാൽ ഏത് മുസ്ലീമാണത് വകവെച്ചുകൊടുക്കുക.

# മതപുരോഹിതൻമാർ ദുർവ്യാഖ്യാനം ചെയ്യുന്ന മൂന്നാമത്തെ ആയത്ത്

അഖിമിസ്സലാത്ത- ലിദുലൂക്കിശ്ശംസി- ഇലാ- ഗ്വസഖി ല്ലൈലി- വ- ഖുർആനൽ ഫജ്രി- ഇന്ന- ഖുർആനൽ ഫജ്രി- കാന- മശ്ഹൂദാ....
(17:78) ഇതാണാ ആയത്ത്.

അർത്ഥം:- സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്നും തെറ്റിയത് മുതൽ രാത്രി ഇരുൾ മുറ്റുന്നത് വരെയുള്ള സമയങ്ങൾക്കിടയിലായി നിസ്കാരം നിലനിർത്തുക. പ്രഭാതസമയത്തുള്ള ഖുർആൻ പാരായണവും (നിസ്കാരത്തിലൂടെയുള്ളത്) നടത്തു



ക. പ്രഭാതസമയത്തിലെ ഖുർആൻ പാരായണം ഹൃദയസാന്നിദ്ധ്യം ലഭിക്കുമാറുള്ളതാണ് തീർച്ച്. (ഖു: 17 : 78)

ഈ ഖുർആൻ സൂക്തംകൊണ്ട് അഞ്ച് നേര നമസ്കാരം തെളിയിക്കാമെന്നാണ് ചില മതപണ്ഡിതന്മാരുടെ വ്യാമോഹം. അത് കേവലം വ്യാമോഹമെന്നല്ലാതെ, ബുദ്ധിയുള്ളവരുടെ മുന്നിൽ ആ വാദം തെളിയിക്കാൻ സാദ്ധ്യമല്ലെന്നാണ് നമ്മുടെ വാദം. അവർ പറയുന്നതെന്തെന്നാദ്യം ശ്രദ്ധിക്കുക.

"മദ്ധ്യാഹ്നം മുതൽക്ക് രാത്രി ഇരുൾ മുറ്റുന്നത് വരെ നമസ്ക്കരിക്കാൻ ഖുർആൻ പറഞ്ഞുവല്ലോ. അപ്പോൾ സുഹ് റ്, അസ്റ്, മഗ്രിബ്, ഇശാ എന്നീ നാല് നമസ്കാരങ്ങൾ വേണമെന്ന് അതുകൊണ്ട് കിട്ടി. പ്രഭാതത്തിലും കൂടി നമസ്കരിക്കാൻ ഖുർആൻ തുടർന്ന് പറഞ്ഞപ്പോൾ നമസ്കാരം ആകെ അഞ്ചായി. അത് തന്നയാണ് ദിനംപ്രതി അഞ്ച് നമസ്കാരമുണ്ടെന്നതിന്ന് ഖുർആനിൽ നിന്നുള്ള ഒരു മികച്ച തെളിവ്."

ഇതാണവരുടെ വാദം. മുമ്പ് പറഞ്ഞപോലെത്തന്നെ ഈ മതപണ്ഡിതന്മാരുടെ ബുദ്ധിക്കെന്ത് പറ്റി എന്നാണ് നമുക്ക് മനസ്സിലാവാത്തത്. മദ്ധ്യാഹ്നം മുതൽ രാത്രി ഇരുൾ മുറ്റുന്നതുവരെയുള്ള സമയങ്ങൾക്കിടയിൽ നമസ്കരിക്കാൻ പറഞ്ഞപ്പോഴേക്കും അത് നാലാണെന്ന് കണ്ടുപിടിച്ച "ബുദ്ധിമാൻമാർക്ക്" "ബുദ്ധി" എന്ന സാധനം തന്നെയുണ്ടോ എന്നതാണ് നമുക്ക് സംശയം. കാരണം: പകലിന്റെ രണ്ടാം പകുതിയിൽ ഒരു നമസ്കാരമുണ്ടെന്നല്ലാതെ അതു രണ്ടുണ്ടെന്ന ഒരു സൂചനപോലും ഖുർആനിലെവിടെയുമില്ല. അതേപോലെ, രാത്രിയിലും ഒരുനമസ്കാരം ഫർസുണ്ടെന്നല്ലാതെ, രണ്ടുണ്ടെന്ന് വാദിക്കാൻ ഖുർആൻ പഠിച്ചവർക്കാർക്കും സാദ്ധ്യമല്ല. എന്നിരിക്കെ, പകലിന്റെ രണ്ടാം പകുതിയിലെ നമസ്കാരം ഉച്ചതിരിഞ്ഞവിടം മുതൽക്ക് ചെയ്യുന്നതിലോ, രാത്രിയിലെ നമസ്കാരം രാത്രി ഇരുൾ മുറ്റുന്നതുവരെ പിന്തിക്കുന്നതിലോ, അതേപ്രകാരംരാവിലത്തെ നമസ്കാരം പ്രഭാതത്തിലേക്ക് മുന്തിക്കുന്നതിലോയാതൊരു തെറ്റും കുറ്റവുമില്ലെന്ന് ചൂണ്ടിക്കാണിക്കാൻവേണ്ടി മാത്രമായി ഓരായത്തവതരിപ്പിച്ചപ്പോഴേക്കും, അതിൽകൂടെ ജൂതനായ അബൂഹുറൈറ:യും കൂട്ടുകാരും കെട്ടിച്ചമച്ച ഓരോ ബിദ്അത്ത്നമസ്കാരവും കൂടി കുത്തിക്കയറ്റണമെന്ന് പറഞ്ഞാൽ തനി നമസ്കാരഭ്രാന്തൻമാരല്ലാതെ, ബുദ്ധിയുള്ള ഏതെങ്കിലുമൊരു മുസ്ലിം അത് വകവെച്ചുകൊടുക്കുമോ? അതൊരിക്കലുമില്ല. പകലിന്റെ രണ്ടാമത്തെ പാതിയിലും രാത്രിയുടെആദ്യത്തെ പാതിയിലും നമസ്കാരം ഇരട്ടിപ്പിച്ച

പുരോഹിതൻമാർക്ക് പകലിന്റെ ആദ്യത്തെ പാതിയിൽമാത്രം ഇരട്ടിപ്പിക്കാൻ എന്തേ മറന്നുപോവാൻ കാരണമെന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. വാസ്തവത്തിൽ ഖുർആനിന്റെ പ്രയോഗപ്രകാരം അൽപമെങ്കിലും പഴുതുണ്ടെങ്കിൽ, അത് രാവിലത്തെ നമസ്ക്കാരം ഇരട്ടിപ്പിക്കാൻ മാത്രമാണുള്ളത്. കാരണം; രാവിലത്തെ നമസ്കാരത്തെപ്പറ്റിയുള്ള കൽപന ഖുർആനിൽ മൂന്നുരൂപത്തിൽ വന്നിട്ടുണ്ട്. ഗുദുവ്വ്, ഫജ്ർ, ഖബ്ല തുലൂഇശ്ശംസി എന്നിങ്ങനെയാണത്. അതായത്; സൂര്യോദയത്തിന്നുശേഷം സൂര്യോദയത്തിന്ന്മുമ്പ്, പ്രഭാതസമയത്ത്, എന്നിങ്ങനെ മൂന്നു സമയം ഖുർആൻ വേറെ വേറെ പറഞ്ഞതാണ്. എന്നിട്ടും ആ മൂന്ന് കല്പനയും നടപ്പിലാക്കി എന്നുറപ്പുവരുത്താൻ കേവലം ഒറ്റ നമസ്കാരം (സുബ്ഹി) മാത്രം മതി എന്ന് തീരുമാനിച്ചമതപുരോഹിതൻമാർക്ക്, മൂന്നു സമയത്തോ, രണ്ട് സമയത്തെങ്കിലുമോ നമസ്ക്കരിക്കാൻ വേർതിരിച്ചു കൊണ്ടൊരിക്കലുമോ സൂചിപ്പിച്ചിട്ടില്ലാത്ത പകലിന്റെ രണ്ടാംപാതിയിലും രാത്രിയുടെ ആദ്യപാതിയിലും രണ്ട് നമസ്കാരംവീതം നിർബ്ബന്ധമാണെന്ന് പറയാൻ അബൂഹുറൈറാകമ്പനിക്കാരുടെ വാറോല ഭക്തിമൂലമുള്ള മാനസിക രോഗമല്ലാതെ, മറ്റെന്താണ് പ്രേരകമെന്നാണ് നമുക്കറിയേണ്ട ഏകകാര്യം.

ആകെയാൽ ലോക പുരോഹിതൻമാർ മുഴുവൻ തപസ്സിരുന്ന് ചിന്തിച്ചാലും 5 നേരനമസ്ക്കാരത്തിന്ന് ഖുർആനിലൂടെ അണുവോളം തെളിവ്കണ്ടെത്തുക സാദ്ധ്യമല്ല. അത്കൊണ്ടാണ് സമർത്ഥരായ അബൂഹുറൈറ;യും കൂട്ടുകാരും അഞ്ച്നേര സിദ്ധാന്തത്തിന്ന് തെളിവുണ്ടാക്കാനായി ''മിഅ്റാജ്'' എന്ന ''ഹിമാലയൻ നുണക്കഥ''ക്ക് കാലേക്കൂട്ടി രൂപം നൽകുവാനും ഖുർആനിൽ നമസ്ക്കാരസമയത്തെപ്പറ്റി പറഞ്ഞതൊന്നും ആരും ശ്രദ്ധിക്കേണ്ടതില്ലെന്ന കുഫ്റ് വാദം മുസ് ലിം ലോകത്തൊട്ടാകം പ്രചരിപ്പിക്കുവാനും കാരണമായത്. അതിനാൽ ആ നുണകഥയുടെ വഷളത്തരവും പൊള്ളത്തരവും കൂടി വിവരിച്ചശേഷം തൽക്കാലം ഈ ചർച്ച നമുക്കുപസംഹരിക്കാം.

## 3നേര നമസ്ക്കാരം അഞ്ചാക്കാൻവേണ്ടി ''മിഅ്റാജ്''എന്ന ഹിമാലയൻ നുണക്കഥയുണ്ടാക്കി !

മൂന്നുനേരം നമസ്ക്കരിക്കാനുള്ളഖുർആനിന്റെ മൂന്ന് കല്പനകളെ ആറ്



വിധത്തിൽ ധിക്കരിച്ചുകൊണ്ടാണ് (വ്യാഖ്യാനിച്ചുകൊണ്ടല്ല) അഞ്ചുനേരമുണ്ടാക്കിയതെന്ന കടുത്ത യാഥാർത്ഥ്യം (അടുത്ത അദ്ധ്യായത്തിൽ കണിശമായി തെളിയിക്കുന്നത്) മുസ്ലിംകളുടെ ശ്രദ്ധയിൽ ഒരുകാലത്തും പെടാതിരിക്കണമെന്ന നിർബ്ബന്ധം അബൂഹുറയ്റാ കമ്പനിക്കാർക്ക് സ്വാഭാവികമായും ഉണ്ടാവാതിരിക്കില്ലല്ലോ. അത്കൊണ്ടാണ് ആരെയും അതിശയിപ്പിക്കുന്നതും കേട്ടാൽ കൗതുകം തോന്നുന്നതും അതുകൊണ്ട് തന്നെ പാമരൻമാരെ മുഴുവൻ ആകർഷിക്കത്തക്കതും, അതേസമയം ഖുർആനിന്ന് കടകവിരുദ്ധവുമായ, ധാരാളം ദജ്ജാലിസങ്ങളടങ്ങിയ, മേൽപറഞ്ഞ മിഅ്റാജിന്റെ പെരുങ്കള്ള ഹദീസ്, അബൂഹുറയ്റാ കമ്പനിക്കാർ ലോകത്തൊട്ടാകെ പ്രചരിപ്പിച്ചത്. വാസ്തവത്തിൽ നബിയുടെ ആകാശാരോഹണം .... ഒരിക്കലും സംഭിവിക്കാൻ പാടില്ലാത്തൊരു സങ്കല്പ കഥയാണെന്ന് ഖു: 17 : 93ൽ അല്ലാഹു വ്യക്തമായി പ്രഖ്യാപിച്ചതാണ്. എന്നിട്ടും അങ്ങിനെയൊരാകാശയാത്ര ഉണ്ടായെന്ന് അക്കാലത്തെ മുസ്ലിംകളെ പഠിപ്പിക്കാൻ അബൂഹുറയ്റാ കമ്പനിക്കാർക്ക് കഴിഞ്ഞെന്നുവരുമ്പോൾ അക്കാലക്കാരുടെ അജ്ഞതയുടെയും 'ഹംഖ്തര' ത്തിന്റെയും ആഴത്തെപ്പറ്റിയാണ് നമുക്ക് യാതൊരു പിടിയും കിട്ടാത്തത്. പക്ഷെ ദശക്കണക്കിലായത്തുകൾക്ക് കടകവിരുദ്ധമായ 30ൽപരം ജൂതായിസങ്ങൾ തങ്ങളുടെ നിത്യാരാധനയിൽ അബൂഹുറയ്റ: കുത്തിച്ചെലുത്തിയിട്ടും അതിലൊറ്റൊന്നെങ്കിലും കണ്ട് പിടിക്കാനോ, അതിനെ ചോദ്യം ചെയ്യാനോ ഒരു സംശയമെങ്കിലും പ്രകടിപ്പിക്കാനോ കഴിവില്ലാത്തവരായിരുന്നു, അക്കാലക്കാരെന്നറിയുമ്പോൾ അവരെപ്പറ്റിനമുക്ക് തീരെ പിടികിട്ടായ്കയുമില്ല.

നമസ്കാരസമയം പഠിപ്പിക്കാനായി ജിബ്രീലിനെ 16 തവണ അല്ലാഹു ഭൂമിയിലേക്കയച്ചിട്ടും ദിനംപ്രതി അഞ്ചുനേരമുണ്ടെന്ന് ഒരിക്കലെങ്കിലും പറയാൻ ജിബ്രീൽ വിട്ടുപോയതിനാലാണല്ലോ, നബി നേരെ അല്ലാഹുവിങ്കലേക്കങ്ങോട്ട് കയറിപ്പോവേണ്ടിവന്നത്. എന്നിട്ടും നബിക്കോ അല്ലാഹുവിനോ യാതൊരു 'ഐഡിയ' യുമില്ലാതെ, ആദ്യം 50 നമസ്കാരം ഫർസാക്കുകയാണത്രെ ചെയ്തത്. അങ്ങനെ ഏഴാനാകാശത്തിന്നപ്പുറത്തുനിന്നും പ്രസ്തുത '50ന്റെ ഭാണ്ഡ' വുമായി നമ്മുടെ നബി നാലാനാകാശത്തെത്തിയപ്പോൾ ഭാഗ്യവശാൽ ജൂതന്മാരുടെ പ്രവാചകനായ മൂസാനബിയുടെ ബുദ്ധിപൂർവ്വമായ ഇടപെടലിലൂടെ നമ്മുടെ നബിയെ വീണ്ടും അല്ലാഹുവിങ്കലേക്ക് തിരിച്ചയക്കുകയുമാണത്രെ ഉണ്ടായത്. അങ്ങിനെ ഒമ്പത് തവണ മൂസാനബി തിരിച്ചയച്ചതുമാലമാണ് 50 അഞ്ചായിക്കിട്ടിയതെന്നാണ് വാറോപ്രമാണി

മാരയ ബുഖാരിയും മുസ്ലിമും മറ്റും അവരുടെ പ്രമാണഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവെച്ചരിക്കുന്നത്. എന്നാൽ ഖുർആനിലെ മൂന്ന്നേരം അഞ്ച് നേരമാക്കാൻ വേണ്ടി ഇത്ര വലിയൊരു ഹിമാലയൻ നുണക്കഥ കെട്ടിനിർമ്മിച്ചിട്ടും 'കല്യാണത്തിന്നിടയിൽ കാറ്റിനെത്ത് മറന്നു' എന്ന പഴങ്കഥപോലെ, അഞ്ച്നേരമുണ്ടാക്കാൻ വേണ്ടി കെട്ടിച്ചമച്ച ആ ജൂത ഹദീസുകളിലെവിടെയെങ്കിലും അഞ്ച്നേരമെന്ന് പറയാൻ ആ ജൂത മുനാഫിഖുകളെല്ലാം അത്ഭുതകരമാംവിധം മറന്നുപോയി. അഞ്ച് നേരമെന്നതിന്നു പകരം അഞ്ച് നമസ്കാരമെന്ന് മാത്രമേ, ബുഖാരി മുസ്ലിം മുതൽക്കുള്ള അവരുടെ സകല വാറോല ഗ്രന്ഥങ്ങളിലും ഇന്നേവരെ അവർ എഴുതിവെച്ചിട്ടുള്ളൂ. അങ്ങിനെയൊരമളി പിണഞ്ഞെന്ന് പിന്നീട് ബോധം വന്നപ്പോഴാണ് 'ജിബ്രീൽ' പിറ്റേ ദിവസം തന്നെ പ്രത്യക്ഷ രൂപത്തിൽ ഭൂമിയിലേക്കിറങ്ങി വന്നതെന്നും ആ 'വരവി'ൽ ജിബ്രീൽ കൃത്യമായി അഞ്ച് സമയങ്ങൾ പ്രാവർത്തികമാക്കി കാണിച്ചുകൊടുത്തെന്നുമൊക്കെ അവർ മുസ്ലിംകൾക്കിടയിൽ രണ്ടാമത് പ്രചരിപ്പിച്ചത്. എന്നാൽ ഖുർആനിലൂടെ എപ്പോഴും മൂന്ന് സമയം മാത്രം പഠിപ്പിച്ചിരുന്ന ജിബ്രീൽ പിന്നെ അഞ്ചാണെന്ന് പഠിപ്പിച്ചത് ആരുടെ കല്പനപ്രകാരമാണെന്ന് ചോദിച്ചാൽ അതിന്ന് മറുപടി പറയാൻ ലോകത്തൊരു പുരോഹിതന്നും സാദ്ധ്യമല്ല. കാരണം :അല്ലാഹുവിന്റെ കല്പനപ്രകാരമാണെങ്കിൽ ജിബ്രീൽ കൊണ്ടുവന്ന ആ 'രിസാലത്ത്" (ദിവ്യദൗത്യം) മാത്രം ഖുർആനിൽ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞതാരാണെന്നാണ് നമ്മുടെ ചോദ്യം. അത് രിസാലത്തല്ലെങ്കിൽ ആ വന്നത് ജിബ്രീലല്ല, ഇബ് ലീസാണെന്നതും തീർച്ചയാണ്. ഏതെങ്കിലുമാവട്ടെ, ജിബ്രീലും നബിയും കൂടി മക്കത്ത് വെച്ച് മുസ്ലിംകളെ പരസ്യമായി പഠിപ്പിച്ചതാണെന്ന് പറയുന്ന ആ കണിശമായ അഞ്ച് സമയങ്ങൾ മുഴുവനായും അട്ടിമറിക്കുകയും അനന്തരം മറ്റുചില സ്വാർത്ഥ താല്പര്യങ്ങൾ ലക്ഷ്യംവെച്ചുകൊണ്ട് വേറെ ഒരഞ്ച്നേരം പുതുതായി നിർമ്മിക്കുകയുമല്ലേ ജൂതനായ അബൂഹുറയ്റ:യും കൂട്ടുകാരും പിന്നീട് ചെയ്തത്. അതെങ്ങിനെ എന്ന് താഴെ വിവരിക്കാം.

1. സുഹ്റ് നമസ്കാരം നട്ടുച്ചക്ക് (സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നും തെറ്റിയ ഉടനെ)യാണ് ജിബ്രിൽ നമസ്കരിച്ചു കാണിച്ചതെന്നു അവരുടെ സകല വാറോല ഗ്രന്ഥങ്ങളിലും അവർ വ്യക്തമാക്കിയിരിക്കെ, അതിനെ പറ്റെ മറികടന്നുകൊണ്ട് ഒരു സാധനത്തിന്റെ നിഴൽ അതന്റ്ത്രയായ ശേഷമാണ് സുഹ്റ് നമസ്കരിക്കേണ്ടതെന്നല്ലേ അബൂഹുറയ്റ: പോലും മുആവിയായുടെ ആദ്യകാലത്ത് പഠിപ്പിച്ചിരുന്നത്. ഇമാം മാലിക്കിന്റെ മുവത്ത്വയുടെ ആദ്യപേജിൽ തന്നെ അത് രേഖപ്പെടുത്തി



വെച്ചിട്ടുണ്ട്. മാത്രമല്ല, അബൂഹുറയ്ററ:യുടെ കാലത്തു മദീനയിലുണ്ടായിരുന്ന സകല മുസ്ലിംകളും അങ്ങിനെത്തന്നെയാണ് നമസ്കരിച്ചിരുന്നതെന്നും മുവത്ത്വയിൽ അതേ പേജിൽ തന്നെ വ്യക്തമാക്കിയിരിക്കുന്നു.

2. അസ് റ് നമസ്ക്കാരം ഒരു സാധനത്തിന്റെ നിഴൽ അതിന്റെ രണ്ടത്രയാകുന്നത് വരെ മാത്രമാണെന്നാണ് ജിബ്രീൽ കണിശമായി പഠിപ്പിച്ചുതന്നതെന്നും നബിയും അങ്ങിനെത്തന്നെയാണ് സഹാബിമാരെ ഊന്നിപ്പഠിപ്പിച്ചിരുന്നതെന്നും വാറോലക്കാരെല്ലാം എഴുതിവെച്ചിരിക്കെ, അതേ അസ്റ് നമസ്ക്കാരം ഒരു സാധനത്തിന്റെ നിഴൽ അതിന്റെ രണ്ടത്രയായതിന്ന് ശേഷമുള്ള സമയത്തേക്ക് മന:പൂർവ്വം പിന്തിക്കാമെന്നാണ് സകല അബൂഹുറയ്റാ കമ്പനിക്കാരും പറയുന്നത്. എന്നല്ല, ആസമയത്തേ അസ്റ് നമസ്കരിക്കാൻ പാടുള്ളൂവെന്നാണ് ഹനഫീ മദ്ഹബുകാരുടെയും മറ്റും വാദം തന്നെ.

3. മഗ് രിബ് നമസ്ക്കാരം സൂര്യനസ്തമിച്ച ഉടനെയാണ് രണ്ട് ദിവസവും ജിബ്രീൽ നമസ്കരിച്ചു കാണിച്ചുകൊടുത്തതെന്ന് അവരെല്ലാവരും രേഖപ്പെടുത്തിവെച്ചിരിക്കെ, മഗ്രിബ് നമസ്കാരം ഇഷാവരെയും ജം ആക്കുമ്പോൾ സുബ്ഹിവരെയും പിന്തിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്നാണ് അതേ വാറോലക്കാർ തന്നെ സിദ്ധാന്തിക്കുന്നത്.

4. ഇഷാനമസ്കാരം അർദ്ധരാത്രിക്കുള്ളിലാവണമെന്ന് മാത്രമാണ് ജിബ്രീൽ അന്ന് പഠിപ്പിച്ചതെന്നിരിക്കെ, പ്രഭാതം വരെ അത് പിന്തിക്കുന്നതിൽ തീരെ കുറ്റമില്ലെന്ന് അവരിൽ ബഹുഭൂരിഭാഗവും സമ്മതിക്കുന്നു.

5. സുബ്ഹി നമസ്കാരം പ്രഭാതമായ ഉടനെ വേണമെന്നാണ് ജിബ്രീൽ പഠിപ്പിച്ചതെങ്കിലും നല്ലവണ്ണം വെളിച്ചമായശേഷമാണത് നിർവ്വഹിക്കേണ്ടതെന്നാണ് ഹനഫീമദ്ഹബുകാരുടെയും മറ്റും അഭിപ്രായങ്ങൾ.

ചുരുക്കത്തിൽ ഖുർആനിലെ കണിശമായ മൂന്ന് നേരം അഞ്ചുനേരമാക്കാൻ വേണ്ടി ജിബ്രീലിനെ ഒരു കോമാളിയാക്കി ചിത്രീകരിച്ചുകൊണ്ട് ഒരുകള്ളക്കഥ - പെരുങ്കള്ളക്കഥ - കെട്ടിയുണ്ടാക്കി എന്നല്ലാതെ, ജിബ്രീൽ പഠിപ്പിച്ചതെന്ന് അവർ രേഖ

ഷെടുത്തിവെച്ച ഒറ്റ സമയവും അതേപടി അംഗീകരിക്കാൻ ഒറ്റ മദ്ഹബുകാരും അബൂഹുറയ്റാ കമ്പനിക്കാർ പോലും ഇന്നേവരെ തയ്യാറായതേയില്ലെന്നതാണ് ഏറ്റവും രസകരവും അത്ഭുതകരവുമായ സത്യം.

ആകെയാൽ: മിഅ്റാജിന്റെ രാത്രിയിൽ നമസ്കാരത്തിന്റെ സമയനിർണ്ണയത്തെപ്പറ്റി പറയാനോ ചോദിക്കുവാനോ അല്ലാഹുവും റസൂലും വിട്ടുപോയെന്നാണ് വാറോല പ്രമാണിമാരുടെ സകല മഹാഭാരതങ്ങളും തെളിയിക്കുന്നത്. എന്നാൽ ജൂതൻമാരുടെ പ്രവാചകനും വളരെ സമർത്ഥനും തന്റേടിയുമായ ഒരു വ്യക്തി - മൂസാനബി- അവിടെയുണ്ടായിരുന്നല്ലോ. എന്നിട്ടദ്ദേഹമെങ്കിലും ഏറ്റവും ഗുരുതരമായ ആ സമയ പ്രശ്നത്തെപ്പറ്റി, ഒമ്പത് പ്രാവശ്യം നബിയെ മടക്കി അയച്ചപ്പോളൊരിക്കലെങ്കിലും ശ്രദ്ധിക്കുകയോ അതേപ്പറ്റി അല്ലഹുവിനോട് ചോദിക്കാൻ ഉപദേശിക്കുകയോ ചെയ്യുകയുണ്ടായോ? അതൊട്ടില്ലതാനും. എന്നാൽ അന്നത്തെ ആ ഗുരുതരമായ വീഴ്ച പരിഹരിക്കാനായി പിറ്റേന്ന് തന്നെ അല്ലാഹു ജിബ്രീലിനെ ഭൂമിയിലേക്കയച്ചിട്ടും അഞ്ച് സമയങ്ങളുടെ രണ്ടതിർത്തിയും കാണിച്ചുകൊടുക്കാൻ വേണ്ടി മക്കത്തെ പള്ളിയിൽ രണ്ട് ദിവസം ജിബ്രീൽ ക്യാമ്പ് ചെയ്ത് പഠിപ്പിച്ചിട്ടും ആ അഞ്ച് സമയങ്ങളിൽ ഒന്നെങ്കിലും അതേപടി അംഗീകരിക്കാൻ അബൂഹുറയാറാ കമ്പനിക്കാർ ഇന്നേവരെ തയ്യാറായോ? അതില്ലെന്നതിന് അവരുടെ സകല ഗ്രന്ഥങ്ങളും സാക്ഷിയല്ലേ. അപ്പോൾ ഖുർആനിന്നു കടകവിരുദ്ധമായിക്കൊണ്ട് മൂന്ന് നേരനമസ്കാരം അഞ്ച് നേരമാക്കാൻവേണ്ടി,അബൂഹുറയ്റ;യും കൂട്ടുകാരും കെട്ടിച്ചമച്ച സകല ഹദീസുകളും തനി വ്യാജവും കേവലം പരിഹാസ്യവുമാണെന്നാണ് ഇതേവരെ വിവരിച്ചതിന്റെ ചുരുക്കം. അതിന്നെത്രയോ തെളിവുകൾ ഇനിയും നിരത്തിവെക്കാൻ നമുക്ക് കഴിയും. ചിന്തിക്കാൻ തയ്യാറുള്ളവർക്ക് ഈ വിവരണം തന്നെ ധാരാളം മതിയാകുമെന്ന് കണ്ടതിനാൽ തൽക്കാലം ഈ ചർച്ച അവസാനിപ്പിക്കുകയാണ്.

# നമസ്ക്കാര സമയ നിർണയത്തിൽ ഖുർആനിനോട് കാണിച്ച ആഴമേറിയ ധിക്കാരം!



1. പകലിന്റെ രണ്ടറ്റത്ത് നമസ്ക്കരിക്കാൻ ഖുർആൻ കല്പിച്ചപ്പോൾ ആ രണ്ടറ്റത്തും നമസ്ക്കരിക്കാൻ പാടില്ലെന്നവർ പ്രഖ്യാപിച്ചു. (തെളിവുകൾ മുമ്പ് വിവരിച്ചുപോയിട്ടുണ്ട്)

2. പകലിലന്റെ രണ്ടറ്റത്ത് എന്ന് മാത്രം ഖുർആൻ പതിനാറ് തവണ പറഞ്ഞപ്പോൾ പകലിന്റെ നടുവിൽ തന്നെ കാലാകാലം നമസ്ക്കരിക്കണമെന്നവർ സിദ്ധാന്തിച്ചു.

3. പകലിന്റെ രണ്ടറ്റമെന്നതിന്ന് പകരം ഖുർആനൊരിക്കലും പറയാത്ത രാത്രിയുടെ രണ്ടറ്റത്താണ് നമസ്ക്കരിക്കേണ്ടതെന്നവർ നിയമമുണ്ടാക്കി.

4. പകലിന്റെ രണ്ടറ്റത്ത് രണ്ട് നമസ്കാരം മതി എന്ന് ഖുർആൻകൊണ്ട് തെളിഞ്ഞപ്പോൾ രാത്രിയുടെ രണ്ടറ്റത്ത് 4 നമസ്ക്കാരം (ആദ്യത്തെ അറ്റത്ത് മഗ്രിബും ഇഷായും,രണ്ടാമത്തെ അറ്റത്ത് തഹജ്ജൂദും സുബ്ഹിയും) വേണമെന്നവർ നിർബ്ബന്ധമാക്കി. തഹ്ജ്ജൂദും നിർബ്ബന്ധമാണെന്നാണ് അബൂഹുറയ്റാ താവഴിക്കാരിലെ വലിയൊരു വിഭാഗത്തിന്റെ വാദം.

5. രാത്രിയുടെ ആദ്യഭാഗങ്ങളിൽ നമസ്ക്കരിക്കാൻ ഖുർആൻ കല്പിച്ചപ്പോൾ പകലിന്റെ അവസാനഭാഗങ്ങളിൽ (ഖുർആൻ വ്യക്തമാക്കിയ അറ്റത്തിന്ന് മുമ്പ്) നമസ്ക്കരിക്കണമെന്നവർ പ്രഖ്യാപിച്ചു.

6. രാത്രിയുടെ ആദ്യ ഭാഗത്ത് ഒരുനമസ്ക്കാരം മതി എന്ന് ഖുർആൻകൊണ്ട് തെളിഞ്ഞപ്പോൾ പകലിന്റെ അവസാനഭാഗത്ത് രണ്ട് നമസ്ക്കാരം (സുഹ്റും ഖുർആൻ പറഞ്ഞ അറ്റത്തിന്നു മുമ്പുള്ള അസ്റും) അവർ നടപ്പിലാക്കി.

7. ജമാഅത്തായുള്ള നമസ്ക്കാരത്തിൽ മുഴുക്കെ മിതത്വം പാലിച്ചുകൊണ്ട് ഖുർആൻ ഉറക്കെ പാരായണം ചെയ്യാൻ അല്ലാഹുകല്പിച്ചപ്പോൾ അബൂഹുറയ്റാ കമ്പനിക്കാരുണ്ടാക്കിയ പകലിലെ രണ്ട് നമസ്ക്കാരത്തിലും ജമാഅത്തായാൽ

പോലും പതുക്കെ ഓതണമെന്നവർ നിയമമാക്കി. ഖുർആൻ പാരായണം മറ്റുള്ള വർ കേൾക്കാനുള്ള അവസരങ്ങൾ കഴിയുന്നതും ഇല്ലാതാക്കണമെന്ന ജൂതലക്ഷ്യവും അതിന്റെ പിന്നിലുണ്ടായിരുന്നുവെന്ന് ബുദ്ധിയുള്ളവർ മനസ്സിലാക്കേണ്ടതുണ്ട്.

8. ഓരോ റക്അത്തിലും ഓരോ സുജൂദ് വേണമെന്നല്ലാതെ, രണ്ട് സുജൂദ് വേണമെന്ന് ഖുർആൻ കൊണ്ടൊരിക്കലും തെളിയുന്നില്ലെന്നു കണ്ടപ്പോൾ ഓരോ റക്അത്തിലും ഈരണ്ട് സുജൂദ് നിർബന്ധമാണെന്നവർ ഏകകണ്ഠമായി തീരുമാനിച്ചു.

9. ദിനംപ്രതി മൂന്ന് നമസ്ക്കാരത്തിൽ ഈരണ്ട് റക്അത്ത് മാത്രം എന്ന് ഖുർആൻ കൊണ്ട് തെളിഞ്ഞപ്പോൾ 5 നമസ്ക്കാരത്തിലെ മൂന്നെണ്ണത്തിലെങ്കിലും ഈരണ്ടുള്ളത് നന്നാലാക്കാൻ ജൂതമുനാഫിഖുകൾ ശാഠ്യം പിടിച്ചു.

10. പകൽ സമയമേതാനും ജീവിത വൃത്തിക്കായി എല്ലാവർക്കും ധാരാളം അദ്ധ്വാനിക്കേണ്ട സമയമായതിനാൽ ആ സമയത്ത് ആരാധനയിലേർപ്പെടൽ പൊതുവെ പ്രായോഗികമല്ലെന്ന് ഖു; 73;7ൽ സൂചിപ്പിക്കുകയും അത്തരം ജോലികളിൽ നിന്നെല്ലാം ഒഴിവായശേഷമാണ് ആരാധനയിലേർപ്പെടേണ്ടതെന്ന് ഖു; 94:7, 8ൽ വ്യക്തമാക്കുകയും ചെയ്ത ശേഷം പകലിന്റെ രണ്ടറ്റങ്ങിലും രാത്രിയിൽ സൗകര്യപ്പെട്ട സമയത്തുമാണ് നമസ്ക്കരിക്കേണ്ടതെന്ന് ഖുർആൻ ആവർത്തിച്ചു പഠിച്ചപ്പോൾ പകലിൽ ഏറ്റവുമധികം ജോലിത്തിരക്കുള്ള സമയമായ നട്ടുച്ചക്കും രണ്ടാം നേരത്തെ ജോലിത്തിരക്കിന്റെ മൂർദ്ധന്യമായ 31/2, 4 മണിക്കും വൈകുന്നേരത്തെ ഏറ്റവും തിരക്ക് പിടിച്ച സമയമായ സൂര്യാസ്തമനത്തോടെയും നമസ്കരിക്കൽ നിർബന്ധമാണെന്ന് - ജൂത നിയമങ്ങൾ - തനി ദുഷ്ടമത നിയമങ്ങൾ - നമ്മുടെ സമുദായത്തിന്റെ മേൽ അവർ എന്നെന്നേക്കുമായി അടിച്ചേല്പിച്ചു.

11. മനുഷ്യസമുദായത്തിന്റെ ഉൻമേഷത്തിന്റെയും ആരോഗ്യത്തിന്റെയും ഏറ്റവും വലിയ അടിത്തറ, രാത്രിയിലെ ഉറക്കമായതിനാൽ ആ ഉറക്കിന് ഭംഗം വരുത്തിക്കൊണ്ടുള്ള ഒറ്റ നമസ്കാരവും (മുമ്പ് ഫർസായിരുന്ന തഹജ്ജുദ് പോലും) ഉത്തമമല്ലെന്ന് ഖു: 73:20 ലൂടെയും മറ്റും അല്ലാഹു കാര്യകാരണസഹിതം നമ്മളെ ഉണർത്തുകയുണ്ടായി. മാത്രമല്ല, ഉറങ്ങേണ്ടവർ അവരുടെ ഉറക്കമെല്ലാം കഴിഞ്ഞ ശേഷം എഴുന്നേൽക്കുമ്പോൾ മാത്രമേ രാവിലത്തെ സുബ്ഹി നമസ്കാരം പോലും



മേലിൽ നിർവ്വഹിക്കേണ്ടതുള്ളൂവെന്ന് ഖു: 52:48 - ൽ വ്യക്തമായി പ്രഖ്യാപിക്കുകയും അതായത്: സൂര്യനുദിച്ചശേഷമേ പൊതുവെ ആരും നമസ്ക്കരിക്കേണ്ടതുള്ളൂവെന്ന് ഖു: 13: 15 - ൽ പ്രത്യേകം വ്യക്തമാക്കുകയും ചെയ്തപ്പോൾ, ഉറക്കിനേക്കാൾ ഉത്തമമായത് നമസ്കാരമാണെന്നും, അതിനാൽ സമുദായത്തിലെ ബഹുഭൂരിപക്ഷത്തിന്റെയും ഉറക്കിന്റെ മൂർദ്ധന്യം പ്രഭാതസമയത്തായതിനാൽ ആ സമയത്ത് തന്നെ എഴുന്നേറ്റ് നമസ്കരിക്കലാണ് ഏറ്റവും വലിയ പുണ്യകർമ്മമെന്നും സൂര്യനുദിച്ച ശേഷം നമസ്കരിക്കാമെന്ന വെപ്പിൽ വീണ്ടും കിടന്നുറങ്ങുന്നത് കടുത്ത വൻകുറ്റമാണെന്നും അങ്ങിനെ ചെയ്യുന്നവരെ വെട്ടിക്കൊല്ലണമെന്നും മറ്റുമുള്ള ജൂതന്മാരുടെ കിരാത നിയമങ്ങളാണ് ജൂതനായ അബൂഹുറയ്റയുടെ താവഴിക്കാർ ഇന്നേവരെ നമ്മുടെ സമുദായത്തെ പഠിപ്പിച്ചുപോന്നത്.

12. എല്ലാ പള്ളികളും അല്ലാഹുവിന്നാണെന്നതിനാൽ അവിടെവെച്ച് നടത്തപ്പെടുന്ന ആരാധനകളിൽ - വിശേഷിച്ചു നമസ്കാരങ്ങളിൽ - അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഒരിക്കലും വിളിച്ചുപോവരുതെന്ന് ഖു:72:18 അല്ലാഹു പ്രത്യേകം വിലക്കുകയും, മരിച്ചുപോയ മഹാത്മാക്കളാരും യാതൊന്നും കേൾക്കുകയില്ലെന്ന് ഖുർആൻ ആവർത്തിച്ചു പഠിപ്പിക്കുകയും ചെയ്തപ്പോൾ മുസ്ലിംകളുടെ എല്ലാ നമസ്കാരത്തിലും മരിച്ചുപോയ മഹാത്മാവായ നമ്മുടെ നബിയെ ഒരു വിളി, വിളിക്കാതെ പറ്റുകയില്ലെന്നും, ഏത് ലോകത്ത് നിന്നായാലും ആ മഹാത്മാവ് ആ വിളികളെല്ലാം കേൾക്കുമെന്നുള്ള തനി ശിർക്കൻ വിശ്വാസം ജൂതനായ അബൂഹുറൈറ മുസ്ലിം സമുദായത്തിലാകമാനം കുത്തിവെച്ചു.

ചുരുക്കത്തിൽ അല്ലാഹു ഖുർആനിലൂടെ പഠിപ്പിക്കുന്ന ഉന്നതവും ഉത്തമവുമായ നമസ്കാര നിയമങ്ങളെന്തൊക്കെയാണോ? അതിനെ മുഴുവൻനേർക്ക് നേരെ ധിക്കരിച്ചുകൊണ്ടും പകരം ജൂതൻമാരുണ്ടാക്കിയ കിരാത നിയമങ്ങളെല്ലാം മുസ്ലിംകളുടെ മേൽ അടിച്ചേൽപിച്ചുകൊണ്ടുമാണ് നിലവിലുള്ള നമസ്കാരത്തിന്റെ രൂപവും ക്രമവും സമയവുമെല്ലാം അബൂഹുറയ്റ:യും തന്റെ താവഴിക്കാരും കൂടി ലോകത്തൊട്ടാകെ പ്രചരിപ്പിച്ചത്. ഈ യാഥാർത്ഥ്യങ്ങൾ കണ്ടുപിടിക്കാൻ, കഴിഞ്ഞുപോയ നൂറ്റാണ്ടുകാരിലെ ഒറ്റ മതപണ്ഡിതന്നും കഴിഞ്ഞില്ലെന്നത് ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും വലിയൊരത്ഭുതമാണെന്നതിൽ സംശയമില്ല. നമുക്കിന്നേവരെ കിട്ടിയ സകല ഗ്രന്ഥങ്ങളും ചരിത്രങ്ങളും ഖുർആനില്ലാത്ത കേവലം സുന്നത്ത്

ജമാഅത്തുകാരുടെയും ശുദ്ധ അഹ്‌ലുൽ ഹദീസുകാരുടെയും ചരിത്രം മാത്രമാണെന്നും സാക്ഷാൽ ഖുർആൻ പ്രചാരകരായ ഒറ്റ മതപണ്ഡിതന്റെയും ഒറ്റ ഗ്രന്ഥവും ഇന്നേവരെ നമുക്ക് ലഭിച്ചിട്ടില്ലെന്നും മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് ബുദ്ധിയുള്ളവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# അബൂഹുറയ്റ: പോലും ആദ്യകാലത്ത് മൂന്ന് നേരത്തിന്റെ പ്രചാരകനായിരുന്നുവെന്ന് ബുഖാരി മുസ്‌ലിം

നബിയുടെയും നാല് ഖലീഫ;മാരുടേയും കാലത്ത് കേവലം മൂന്ന് നേര നമസ്കാരമേ നടപ്പിലുണ്ടായിരുന്നുള്ളൂവെന്നിരിക്കെ, ആ സമ്പ്രദായം മാറ്റാൻ ഖുർആൻ വിരുദ്ധനായ മുആവിയക്കോ, തന്റെ പുരോഹിതനായ അബൂഹുറയ്റക്കൊ പെട്ടെന്നൊന്നും സാദ്ധ്യമാവുകയില്ലെന്നത് വ്യക്തമാണല്ലോ. മുആവിയയുടെ നീണ്ട 20 വർഷക്കാലത്തെ ഖുർആൻ വിരുദ്ധഭരണത്തിലൂടെ മാത്രമാണ് മേൽ വിവരിച്ചുപോയ അട്ടിമറികളേതാനും നടപ്പിലാക്കാനവർക്ക് കഴിഞ്ഞിരുന്നത്. അതിന്ന് മുമ്പ് അബൂഹുറയ്റ പോലും മൂന്ന് നേരനമസ്കാരത്തിന്റെ പ്രചാരകനായിരുന്നുവെന്നതിന്ന് ബുഖാരിയിലും മുസ്‌ലിമിലും തന്നെ വ്യക്തമായ തെളിവുകളുണ്ട്. അതിൽ പ്രധാനമായൊരു തെളിവ് താഴെ വിവിരിക്കാം.

അബൂഹുറയ്റ പറയുകയാണ്. നബി പറയുകയുണ്ടായി: ''ഈ മതം വളരെ എളുപ്പമുള്ളതാണ്. അതിൽ കാഠിന്യം കാണിക്കാൻ ഒരുമ്പെടുന്നവരെല്ലാം തീർച്ചയായും പരാജയപ്പെടുകയേയുള്ളൂ. അത് കൊണ്ട് നിയമങ്ങൾ (മതനിയമങ്ങളോട്) അടുക്കാൻ മാത്രം ശ്രമിക്കുക. (ഒരിക്കലും അതിര് കവിയാൻ ശ്രമിക്കരുത്. മാത്രമല്ല) നിങ്ങൾ ചൊവ്വായ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുക. അതായത്: രാവിലെയും വൈകുന്നരവും രാത്രിയിലെ ഒരംശത്തിലും ഓരോ നമസ്കാരം നിലനിർത്തിക്കൊണ്ട് നിങ്ങൾ (അല്ലാഹുവിനോട്) സഹായത്തിന്നഭ്യർത്ഥിക്കുക.'' (ബുഖാരി, മുസ്‌ലിം)

നോക്കണം. എത്ര വ്യക്തമായ ഹദീസാണിത്. റവ്ഹ; ഗദ്‌വ എന്നീ പദങ്ങൾക്കിവിടെ ഓരോ നമസ്കാരമെന്നെങ്ങിനെയാണർത്ഥം ലഭിക്കുക എന്നൊക്കെ





യിക്കുന്ന മതപണ്ഡിതൻമാരുണ്ടായിരിക്കും. അവസാന വിശകലനത്തിൽ ഓരോ നമസ്കാരം എന്ന് മാത്രമാണവിടെ ആ പദങ്ങൾകൊണ്ടുദ്ദേശമെന്ന് അവരെല്ലാം തുറന്ന് സമ്മതിക്കേണ്ടിവരികയും ചെയ്യും. അതിനാൽ മേൽ വിവരിച്ച അർത്ഥം നിഷേധിച്ചുകൊണ്ടാരെങ്കിലും ഖണ്ഡിച്ചെങ്കിലല്ലാതെ , അതനെപ്പറ്റി വിശദമായൊരു ചർച്ചക്കിപ്പോൾ ഒരുങ്ങുന്നില്ല.

അബൂഹുറയ്റ: നിവേദനം ചെയ്ത ഹദീസുകളുടെ കൂട്ടത്തിൽ വെച്ചേറ്റവും സത്യമായൊരു ഹദീസാണ് മേലുദ്ധരിച്ച ബുഖാരി മുസ് ലിമിന്റെ ഹദീസെന്ന് മുമ്പ് വിവരിച്ചുപോയ ഖുർആനിക തെളിവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമായും തളിയുന്നുണ്ട്. പക്ഷേ, പൊള്ളനായ അബൂഹുറയ്റ: തന്റെ വായിലൂടെ ഏതോ സന്ദർഭത്തിൽ പുറത്തുചാടിയ ആ കടുത്ത സത്യം പൂഴ്ത്തിവെച്ചുകൊണ്ട്, തന്റെ അവസാനകാലത്ത് അഞ്ച് നേരത്തിന്റെ കള്ള ഹദീസുകൾ മാത്രം പ്രചരിപ്പിക്കുകയാണ് മരണംവരെ ചെയ്തത്.

മൂന്നുനേര നമസ്കാരത്തിൽ ഉറച്ചുനിൽക്കലാണ് ചൊവ്വായ മാർഗ്ഗമെന്നും അവയെ മറികടന്നുകൊണ്ട് നാലോഅഞ്ചോആക്കാൻ ശ്രമിക്കുന്നവരൊക്കെ അവസാനം പരാജയപ്പെടുകയാണുണ്ടാവുക ഏന്നും മേൽ ഹദീസിൽ വ്യക്തമായി സൂചിപ്പിച്ചതിനെപ്പറ്റി അഞ്ച് നേര നമസ്കാരക്കാരെല്ലാം മേലിലെങ്കിലും ചിന്തിച്ചെങ്കിൽ അവരുടെ ഭാവിപുരോഗതിക്കത് ഗുണകരമായിരിക്കുമെന്നതിൽ സംശയമില്ല. മൂന്നു നേരം നമസ്കരിക്കാനുള്ള ഖുർആനിന്റെ മൂന്നു കൽപനകളെ ആറ് വിധത്തിൽ ധിക്കരിച്ചുകൊണ്ടാണ് 5 നേരമുണ്ടാക്കിയതെന്ന നഗ്നസത്യം വേണ്ടത്ര തെളിഞ്ഞു കഴിഞ്ഞ സ്ഥിതിക്ക് വിശേഷിച്ചും.

# അഞ്ച്നേരമുണ്ടാക്കിയതിന്റെ പിന്നിലുള്ള ഏറ്റവും വലിയ ജൂത ലക്ഷ്യം

തികച്ചും അപ്രയോഗികമോ വിഷമകരമോ ആയ അഞ്ച് നമസ്ക്കാരങ്ങൾ കെട്ടിച്ചമക്കുകവഴി, ഭൂരിപക്ഷ മുസ്ലിംകളെയും, നമസ്ക്കാര ശൂന്യരോ,സുമാർ നമസ്ക്കാരക്കാരോ ആക്കി മാറ്റുകമൂലം മുസ് ലിം സമുദായത്തെ എന്നെന്നും കുറ്റബോധമുള്ളവരാക്കിക്കൊണ്ട് അവരുടെ ആദർശവീര്യവും മനോധൈര്യവും പൊതുവെ നശിപ്പിക്കുകയും അപകർഷതാ ബോധമാകുന്ന മഹാവ്യാധി അവരിൽ എക്കാലും നിലനിർത്തുകയുമാണ് മൂന്ന് നേരത്തിന്ന് പകരം 5 നേരമുണ്ടാക്കിയതിന്റെ പിന്നിലുള്ള പലജൂത ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനവും വളരെ അപകടകരവുമായ ഭവിഷ്യത്തെന്ന് മുസ് ലിം സമുദായം ഗൗരവ്വപൂർവ്വം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്ന് ലോകത്ത് ഒരു കോടിമാത്രം വരുന്ന ജൂതസമുദായത്തെ നേരിടാൻ ഇന്നത്തെ 100 കോടി വരുന്ന മുസ് ലിം സമുദായം ഒട്ടാകെ അണിനിരന്നാലും വിജയിക്കാൻ സാദ്ധ്യമല്ലെന്ന ദയനീയസ്ഥിതിവിശേഷത്തിലേക്ക് നാമിന്നെത്തിച്ചേരാനുണ്ടായ അടിസ്ഥാനകാരണവും മേൽപറഞ്ഞത് തന്നെയാണ്. ഒന്നുകൂടി വിശദമാക്കാം.

നമസ്ക്കാരത്തിന്ന് കൃത്യമായ അഞ്ച് സമയമുണ്ടെന്നും അതെല്ലാം സൂക്ഷ്മതയോടെ പാലിക്കൽ നിർബ്ബന്ധമാണെന്നും വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും അത് കൃത്യമായി ചെയ്യാൻ കഴിയാത്ത കാലത്തോളം (ആയിരത്തിലൊരാൾക്ക് പോലും അത് സാദ്ധ്യമല്ല) ആദർശവീര്യമെന്ന ഒരു "സാധനം" അവർക്കുണ്ടാവുകയില്ലെന്നത് തീർച്ചയാണ്. പ്രായപൂർത്തിയായവിടം മുതൽ ജീവിതകാലം മുഴുവൻ അഞ്ച് നേരം കൃത്യമായി നമസ്ക്കരിക്കാൻ ചിലർക്കെങ്കിലും കഴിഞ്ഞെന്ന് സങ്കൽപിച്ചാൽ തന്നെയും കുരുടൻമാർക്ക് പോലും ദിനംപ്രതി അഞ്ച്നേരവും ജമാഅത്തിന്ന് പള്ളിയിൽ എത്തിചേരൽ നിർബന്ധമാണെന്ന അബൂഹുറയ്റാ:യുടെ ജൂതനിർദ്ദേശം മരണംവരെ പാലിക്കാൻ കഴിയുന്ന ഒറ്റ മനുഷ്യനും ഈ ലോകത്തുണ്ടാവുകയില്ലെന്നത് വ്യക്തമാണ്. പള്ളിജീവനക്കാർക്കുമാത്രം, അവർ ജീവനക്കാരായിരിക്കുന്ന കാലത്തോളം അത് സാദ്ധ്യമാണെങ്കിലും ശമ്പളം കിട്ടിയല്ലാതെ അവർ പൊതുവെ അതിന് തയ്യാറല്ലാത്തതിനാൽ കുറ്റബോധത്തിൽനിന്നവരും വിമുക്തരല്ലെന്നാണ് സത്യം.



ഖുർആൻ പഠിപ്പിച്ച പ്രായോഗികമായ മൂന്നു സമയത്തു മാത്രമേ നമസ്കരിക്കേണ്ടതുള്ളൂവെന്നും അത് കേവലം രണ്ട് റക്അത്ത് വീതം മാത്രമാണെന്നും ആയതിന്ന് പള്ളിയിൽ പോക്കോ ജമാഅത്തോ (ജുമുഅക്കല്ലാതെ) സുന്നത്ത് പോലുമില്ലെന്നും മറ്റും പഠിച്ചു വിശ്വസിക്കുന്ന ഖുർആൻ സുന്നത്ത് കാർൽ 75 ശതമാനം പേർക്കെങ്കിലും നമസ്കാരം കൃത്യമായി നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങിനെയുള്ളവരെ ആദർശവീര്യവും മനോധൈര്യവുമല്ലാതെ, അപകർഷതാബോധമോ കുറ്റബോധമോ ഒരിക്കലും ബാധിക്കുകയുമില്ല. ഒരു മുസ് ലിമിന്ന് 10ശത്രുക്കളെ നേരിടാനുള്ള മനക്കരുത്ത് ആദ്യകാല മുസ്ലിംകളിലുണ്ടാവാനുള്ള കാരണം അവരുടെ ആദർശവീര്യം ഒന്നുമാത്രമായിരുന്നുവല്ലോ. ഇന്ന് നാം 100 കോടിയുണ്ടായിരുന്നിട്ടും, ഒരു കോടിയുടെ ധൈര്യം പോലും നമുക്കില്ലാതിരിക്കാനുള്ള കാരണം നമ്മുടെ സ്ഥായിയ കുറ്റബോധം ഒന്നുകൊണ്ട് മാത്രമാണെന്നതിലും സംശയമില്ല. ഈ കുറ്റബോധം നമ്മിലുണ്ടാകുന്ന കാലത്തോളം രാഷ്ട്രീയമോ, സാമ്പത്തികമോ, വിദ്യാഭ്യാസപരോ, പ്രസ്ഥാനപരമോ മറ്റോ ആയ ഏതൊരു മത്സര രംഗത്തും മനഃക്കരുത്തോടും ആത്മവിശ്വാസത്തോടും കൂടി മുന്നേറാൻ നമുക്കൊരിക്കലും സാദ്ധ്യമാവുകയുമില്ല. കഴിഞ്ഞുപോയ ആയിരം വർഷത്തെ നമ്മുടെനീണ്ടചരിത്രം മേൽപറഞ്ഞതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ്.

# ഇനി നാം എന്ത് ചെയ്യണം?

ഇന്നിവിടെ പ്രചാരത്തിലുള്ള നമസ്കാരക്രമവും രൂപവും മുഴുവനും ജൂതായിസങ്ങൾ കുത്തിനിറക്കപ്പെട്ടതാണെന്നും അത്തരം ജൂതായിസങ്ങളടങ്ങിയ നമസ്കാരവിവരണഗ്രന്ഥങ്ങളല്ലാതെ, മറ്റൊന്നും നമുക്കിന്ന് കിട്ടാനില്ലെന്നും വന്നുകഴിഞ്ഞാൽ പിന്നെ, മേൽ വിവരിച്ച അട്ടിമറികളും ജൂതായിസങ്ങളുമെല്ലാം ഇപ്പോഴെങ്കിലും ശ്രദ്ധയിൽപെട്ട നാം മേലിൽ എങ്ങിനെ നമസ്കരിക്കണമെന്നതാണ് ഇപ്പോൾ സത്യാന്വേഷികളെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അതിനാൽ അതിന്റെ പരിഹാരമാണ് ഇനി നമുക്ക് ചൂണ്ടികാണിക്കുവാനുള്ളത്. എന്നാൽ ഒട്ടും വിഷമിക്കുകയോ പരിഭ്രമിക്കുകയോ വേണ്ടതില്ല. നമസ്കാരത്തിന്റെ ഉത്തമവും പരിശുദ്ധവുമായ രൂപം - നമ്മുടെ നബി ചെയ്തിരുന്ന മാതൃകയാണതെന്നുറപ്പിക്കാവുന്ന രൂപം- ഖുർആൻകൊണ്ട് തന്നെ- ഖുർആൻകൊണ്ട് മാത്രം- വളരെ വ്യക്തമായി മുമ്പ് നാം സമർത്ഥിച്ചത്, വായനക്കാർക്ക് പഠിക്കാനും പ്രവർത്തികമാക്കാനും

വേണ്ടി അറബിമൂലത്തോടും പരിഭാഷയോടുംകൂടി, വഴിക്ക് വഴി ഞാനിവിടെ അവതരിപ്പിക്കാം.  അത് ശ്രദ്ധാവൂർവ്വം വായിച്ചു പഠിച്ചശേഷം നിലവിലുള്ള നമസ്കാരക്കണക്കിലെ നൂലാമാലകളും കഷ്ടപ്പാടുകളുമോർത്ത് നമസ്ക്കരിക്കാതിരുന്ന എല്ലാ സഹോദരീ സഹോദരൻമാരും മേലിലെങ്കിലും  നമസ്ക്കാരം ആരംഭിക്കണമെന്നാണ് ഇസ് ലാമിന്റെ പേരിൽ എനിക്കഭ്യർത്ഥിക്കുവാനുള്ളത്.  എങ്കിൽ അല്ലാഹു നമ്മെ അനുഗ്രഹിക്കുമെന്ന കാര്യം തീർച്ചയാണ്.

www.khur-aansunnathsociety.com
Irpc- Islamic research and propagation center
29-7-2005